REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 11-11-2025 | സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- ഡൽഹിയിൽ ചുവപ്പു കോട്ടയ്ക്കു സമീപം ഇന്നലെ ഉണ്ടായ സ്ഫോടനത്തിൽ എട്ട് പേർ മരിച്ചു- 15 ലേറെ പേർക്ക് പരിക്ക്.
- ബിഹാർ രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് അല്പസമയത്തിനകം.
- അറ്റകുറ്റപ്പണിയുടെ ഭാഗമായി ഇടുക്കി വൈദ്യുതി നിലയത്തിലെ ജനറേറ്ററുകളുടെ പ്രവർത്തനം പുലർച്ചെ നിർത്തിവെച്ചു.
- സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ മലപ്പുറത്തിന് ഓവറോൾ കിരീടം.
- ISSF ലോക ചാമ്പ്യൻഷിപ്പ് ഷൂട്ടിംഗിൽ ഇന്ത്യയുടെ സാമ്രാട്ട് റാണയ്ക്ക് സ്വർണ്ണം.

## വാർത്തകൾ വിശദമായി

ഡൽഹിയിലെ ചുവപ്പു കോട്ടയ്ക്കു സമീപം ഇന്നലെ വൈകിട്ട് കാറിലുണ്ടായ ശക്തമായ സ്ഫോടനത്തിൽ എട്ട് പേർ മരിച്ചു- 15 ലേറെ പേർക്ക് പരിക്കേറ്റു. സന്ധ്യയ്ക്ക് ഏഴു മണിയോടെ റെഡ് ഫോർട്ട് മെട്രോ സ്റ്റേഷന് സമീപം ട്രാഫിക് സിഗ്നലിലാണ് i-20 കാർ സ്ഫോടനമുണ്ടായത്. ഇതിന്റെ ശക്തിയിൽ മറ്റ് ഏതാനും വാഹനങ്ങളും തകർന്നു. പരിക്കേറ്റവരിലേറെയും കാൽനട യാത്രക്കാരും, ഓട്ടോറിക്ഷയിൽ സഞ്ചരിച്ചവരുമാണ്.

ഡൽഹി പൊലീസും, ദേശീയ അന്വേഷണ ഏജൻസി, നാഷണൽ സെക്യൂരിറ്റി ഗാർഡ് തുടങ്ങിയ ഏജൻസികളും അന്വേഷണം

ആരംഭിച്ചതായി സംഭവസ്ഥലം സന്ദർശിച്ച ആഭ്യന്തരമന്ത്രി അമിത്ഷാ അറിയിച്ചു. നിയമവിരുദ്ധ പ്രവർത്തനം തടയുന്ന UAPA, സ്ഫോടക വസ്തു നിയമം, ഭാരതീയ ന്യായ സംഹിത എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ ഉൾപ്പെടുത്തി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആഭ്യന്തര മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരുടെ അടിയന്തര യോഗം ചേർന്ന് ഇന്ന് തുടർ നടപടികൾ തീരുമാനിക്കും.

കേന്ദ്ര മന്ത്രി അമിത്ഷായും, ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്തയും പരിക്കേറ്റവർ കഴിയുന്ന LNJP ആശുപത്രി സന്ദർശിച്ച് എല്ലാ സഹായവും ഉറപ്പു നൽകി.

✪✪✪

ഡൽഹി സ്ഫോടനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്ര മോദിയും, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംങ്ങും മറ്റ് പ്രമുഖ നേതാക്കളും അഗാധമായ ദുഃഖവും, അനുശോചനവവും അറിയിച്ചു .

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു അംഗോളയിലെ ലുവാണ്ടയിൽ ഇന്ന് രാജ്യത്തിന്റെ 50-ാം സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ പങ്കെടുക്കും. ഇന്നലെ അംഗോളൻ പാർലമെന്റിനെ അഭിസംബോധന ചെയ്ത ദ്രൗപതി മുർമു, അംഗോളയുടെ സ്വാതന്ത്ര്യസമരത്തെ ഇന്ത്യയെന്നും പിന്തുണച്ചിരുന്നു എന്ന് അനുസ്മരിച്ചു.

അംഗോളയിലെ ഇന്ത്യൻ സമൂഹവുമായി രാഷ്ട്രപതി സംവദിക്കുകയും ചെയ്തു. രണ്ട് ആഫ്രിക്കൻ രാജ്യങ്ങളിലെ സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ രാഷ്ട്രപതി രാത്രി വൈകി ബോട്സ്വാനയിലേക്ക് പോയി. വ്യാഴാഴ്ച വരെ രാഷ്ട്രപതി ബോട്സ്വാനയിലുണ്ടായിരിക്കും. പ്രസിഡണ്ട് ഡൂമ ബോക്കോയുമായി ഉഭയകക്ഷി വിഷയങ്ങളിൽ ദ്രൗപതി മുർമു ചർച്ച നടത്തും.

✪✪✪

ബിഹാർ രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് അല്പസമയത്തിനകം. 20 ജില്ലകളിലെ 122 മണ്ഡലങ്ങളിലാണ് അവസാനഘട്ടത്തിലെ വോട്ടെടുപ്പ്. രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് പോളിംഗ്. ഏഴ് മണ്ഡലങ്ങളിൽ സുരക്ഷാ കാരണങ്ങളാൽ വൈകിട്ട് അഞ്ചിന് വോട്ടെടുപ്പ് അവസാനിക്കും. തിരഞ്ഞെടുപ്പിന് അതീവ സുരക്ഷാ സന്നാഹങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന്

തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഈ മാസം ആറിന് ആദ്യഘട്ടത്തിൽ 65 ശതമാനത്തോളം പോളിംഗ് രേഖപ്പെടുത്തിയിരുന്നു. ഈ മാസം 14 നാണ് വോട്ടെണ്ണൽ.

ഏഴ് സംസ്ഥാനങ്ങളിലെ എട്ട് നിയമസഭാ മണ്ഡല ങ്ങളിലേക്ക് ഉപതിരഞ്ഞെടുപ്പും ഇന്ന് നടക്കും.

✪✪✪

ദേശീയഗീതം വന്ദേമാതരത്തിന്റെ 150-ാം വാർഷികം രാജ്യം ആഘോഷിക്കുകയാണ്. തലമുറകളെ ഐക്യപ്പെടാനും വളരാനും പ്രചോദിപ്പിച്ച വന്ദേമാതരം ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന് അപാര ഊർജ്ജമാണ് പകർന്നത്. കാല-ദേശാതീതമായ രാജ്യസ്നേഹത്തിന്റെ ഉറവായി മാറിയ വന്ദേമാതരത്തെക്കുറിച്ച് ആകാശവാണി തയ്യാറാക്കിയ റിപ്പോർട്ട്.

...... വോയ്സ്......

സ്വാതന്ത്ര്യലബ്ധിയുടെ അർദ്ധരാത്രിയിൽ ഹിന്ദുസ്ഥാനി ഗായകൻ പണ്ഡിറ്റ് ഓംകാർ നാഥ് ഠാക്കൂർ പാർലമെന്റിൽ വന്ദേമാതര ഗീതം മുഴുവനായി ആലപിച്ചു. സർദാർ വല്ലഭായ് പട്ടേലിന്റെ നിർദ്ദേശപ്രകാരമായിരുന്നു ആലാപനം. ഇത് സ്വതന്ത്ര്യ ഭാരതത്തിന്റെ ആദ്യ സംഗീത ഹൃദയസ്പന്ദനമായി മാറി. പിറ്റേന്ന് പുലർച്ചെ 6-30ന് ആകാശവാണി ഠാക്കൂറിന്റെ ആലാപനം പ്രക്ഷേപണം ചെയ്തു. സ്വാതന്ത്ര്യ ലബ്ധിയോടെ ആ ഗീതത്തിന് പുതിയ അർത്ഥവും ഭാവവും ഉണ്ടായി. ഐക്യത്തിന്റെയും, വിജയത്തിന്റെയും, രാജ്യമെന്ന വികാരത്തിന്റെയും പ്രതീകമായി മാറി വന്ദേമാതരം.

പതിറ്റാണ്ടുകളിലൂടെ പല സംഗീതജ്ഞരുടെയും ശബ്ദത്തിലും, ആവിഷ്ക്കാരത്തിലും വന്ദേമാതരം പുതിയ വികാരങ്ങൾക്ക് വഴിതുറന്നു. MS സുബ്ബലക്ഷ്മിയുടെയും, ദിലീപ് കുമാർ റോയിയുടെയും നാദമാധുര്യത്തിലൂടെ വന്ദേമാതരം യുഗ്മഗാനമായി അവതരിച്ചപ്പോൾ, ഇന്ത്യയുടെ പുനരുജ്ജീവനത്തിന്റെയും വിജയത്തിന്റെയും ഗാഥയായി അത് മാറി. 1997 ഓഗസ്റ്റ് 15 ന്, 50-ാം സ്വാതന്ത്ര്യദിനത്തിൽ സംയുക്ത പാർലമെന്റ് സമ്മേളന സദസ്സിൽ പണ്ഡിറ്റ് ജസ്‌രാജ് ആലപിച്ചപ്പോൾ, വന്ദേമാതരം, രാജ്യത്തെ ചേർത്തു നിർത്തുന്ന ശക്തിയുടെ അനശ്വര ഗീതമായി പരിണമിച്ചു.

✪✪✪

**അവയവ ദാന നിയമ ഭേദഗതി ബിൽ 2025 ന്റെ ചട്ടങ്ങൾ ആരോഗ്യമന്ത്രാലയം വിജ്ഞാപനം ചെയ്തു. നേത്രപടലം മാറ്റിവയ്ക്കുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും, ഏകീകരിക്കാനും ലക്ഷ്യമിട്ടാണ് നപടിയെന്ന് മന്ത്രാലയം ന്യൂഡൽഹിയിൽ അറിയിച്ചു.**

✪✪✪

**നരേന്ദ്ര മോദി ഗവൺമെന്റ് സെപ്റ്റംബർ 22നു പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണം സമൂഹത്തിലെല്ലാവർക്കും ഗുണകരമായി മാറിക്കഴിഞ്ഞു. ആരോഗ്യ മേഖലയിൽ വരുത്തിയ GST- ഇളവിനെ കുറിച്ച് ഒരു റിപ്പോർട്ട്...**

**........(വോയ്സ്).........**

**നികുതി പരിഷ്ക്കരണത്തോടെ 36 ജീവൻരക്ഷാ മരുന്നു കളുടെ GST പൂർണ്ണമായും ഒഴിവാക്കി.അവശ്യ മരുന്നുകളുടെ GST 12 ൽ നിന്ന് 5 ശതമാനമായി കുറച്ചു. വ്യക്തിഗത ആരോഗ്യ ഇൻഷുറൻസിനെ GST യിൽ നിന്ന് ഒഴിവാക്കിയ നടപടി മെഡിക്കൽ ചെലവുകൾ കുറയ്ക്കുകയും ഇൻഷുറൻ സ്പ്രീമിയങ്ങൾ കുറഞ്ഞതോടെ മധ്യവർഗ കുടുംബങ്ങളെ ആരോഗ്യ ഇൻഷുറൻസ് വ്യാപകമായി സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.**

**ഗോസ്,ബാൻഡേജുകൾ, ഗ്ലൂക്കോമീറ്ററുകൾ,തെർമോ മീറ്റ റുകൾ, ഡയഗ്നോസ്റ്റിക് കിറ്റുകൾ എന്നിവയുൾപ്പെടെ മെഡിക്കൽ ഉപകരണങ്ങളുടെ നികുതി നിരക്ക് 5 ശതമാനമായി കുറച്ചത് ആരോഗ്യ പരിചരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തി.**

✪✪✪

**ഇടുക്കി മൂലമറ്റം വൈദ്യുതി നിലയത്തിലെ അഞ്ചും, ആറും നമ്പർ ജനറേറ്ററുകളുടെ അറ്റകുറ്റപ്പണിയുടെ ഭാഗമായി എല്ലാ ജനറേറ്ററുകളുടെയും പ്രവർത്തനം പുലർച്ചെ നിർത്തിവെച്ചു. ഡിസംബർ 10 വരെ ഇവ പ്രവർത്തിപ്പിക്കില്ല. പെൻസ്റ്റോക്ക് പൈപ്പിലെ വെള്ളം ഒഴിവാക്കുന്നതിനാൽ കനാലിൽ നിന്ന് കൂടുതൽ വെള്ളം പുറത്തേക്ക് ഒഴുക്കാൻ സാധ്യതയുണ്ട്.**

**കനാൽ തീരവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകി. ഒരു കാരണവശാലും ടെയിൽ റേസ് കനാലിൽ ഇറങ്ങരുതെന്ന് KSEB മുന്നറിപ്പ് നൽകി.**

ഇന്ന് മുതൽ ഡിസംബർ 10 വരെ ഇടുക്കി നിലയത്തിൽ നിന്ന് മലങ്കര ജലാശയത്തിലേക്ക് വെള്ളം ലഭ്യമാകില്ലെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു. ജലവിതരണം ഭാഗികമായി തടസ്സപ്പെടാൻ സാധ്യതയുണ്ടെന്നും അറിയിപ്പിൽ പറയുന്നു.

✪✪✪

ആലപ്പുഴ KSRTC സ്റ്റാൻഡ് പരിസരത്തെ ലഹരി മരുന്ന് പരിശോധനയിൽ ഒന്നര കോടിയോളം രൂപയുടെ സിന്തറ്റിക് ഡ്രഗ്സും, ഹാഷിഷ് ഓയിലും, കഞ്ചാവും പിടികൂടി. ആലപ്പുഴ സ്വദേശി റിനാസ്, തൃശൂർ സ്വദേശി അനന്തു, എറണാകുളം സ്വദേശി അപ്പു എന്നിവരെ പൊലീസ് കസ്റ്റഡിയിലെടുത്തു. അന്യ സംസ്ഥാനങ്ങളിൽ നിന്ന് മയക്ക് മരുന്ന് കേരളത്തിൽ എത്തിക്കുന്ന സംഘത്തിലെ പ്രധാന കണ്ണികളാണ് അറസ്റ്റിലായവരെന്ന് പൊലീസ് പറഞ്ഞു.

✪✪✪

പാലക്കാട്ട് സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ 1,548 പോയന്റോടെ മലപ്പുറം ജില്ല ഓവറോൾ കിരീടം സ്വന്തമാക്കി. 1487 പോയന്റുമായി പാലക്കാട് ജില്ലയാണ് രണ്ടാം സ്ഥാനത്ത്. ഇതേ പോയിന്റ് നേടിയ കണ്ണൂർ ജില്ല റാങ്കിന്റെ വ്യത്യാസത്തിൽ മൂന്നാം സ്ഥാനക്കാരായി.

സ്കൂൾ വിഭാഗത്തിൽ 164 പോയിന്റോടെ വയനാട് സേക്രഡ്ഹാർട്ട് ഹയർ സെക്കണ്ടറി ദ്വാരക ഒന്നാം സ്ഥാനം നേടി. കാഞ്ഞങ്ങാട് ദുർഗ്ഗ ഹയർസെക്കണ്ടറി രണ്ടാം സ്ഥാനവും, ഇടുക്കി കൂമ്പൻപാറ FMG ഹയർസെക്കണ്ടറി മൂന്നാം സ്ഥാനവും സ്വന്തമാക്കി.

✪✪✪

സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയിൽ അസിസ്റ്റന്റ് കോച്ചുകളുടെ തസ്തികയിലേക്ക് റിക്രൂട്ട്മെന്റ് ഡ്രൈവ് നടത്തുമെന്ന് കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ അറിയിച്ചു. 25 കായിക ഇനങ്ങളിലായി 320 ലേറെ ഒഴിവുകളിലേക്കായിരിക്കും നിയമനം. ഇതിൽ 50 ശതമാനം തസ്തിക വനിതാ പരിശീലകർക്ക് നീക്കി വെച്ചിട്ടുണ്ട്.

✪✪✪

കെയ്റോയിൽ ISSF ലോക ചാമ്പ്യൻഷിപ്പ് ഷൂട്ടിംഗിൽ പുരുഷന്മാരുടെ 10 മീറ്റർ എയർ പിസ്റ്റൾ വിഭാഗത്തിൽ ഇന്ത്യയുടെ സാമ്രാട്ട് റാണയ്ക്ക് സ്വർണ്ണം. വ്യക്തിഗത എയർ പിസ്റ്റൾ ലോക കിരീടം നേടുന്ന ആദ്യ ഇന്ത്യക്കാരൻ എന്ന റെക്കോഡും റാണ സ്വന്തമാക്കി.

**പുരുഷന്മാരുടെ 10 മീറ്റർ എയർ പിസ്റ്റൾ ടീം സ്വർണ്ണവും ഇന്ത്യയ്ക്കാണ്. സാമ്രാട്ട് റാണ, വരുൺ തോമർ, ഷർവൺ കുമാർ എന്നിവരുടേതാണ് നേട്ടം.**

**ഇന്ത്യ ഇതുവരെ ആകെ ഒമ്പത് മെഡൽ കരസ്ഥമാക്കി.**

✪✪✪

**തിരുവനന്തപുരത്ത് രഞ്ജി ട്രോഫി ക്രിക്കറ്റിലെ രണ്ടാം ഇന്നിംഗ്സിൽ സൗരാഷ്ട്ര അഞ്ച് വിക്കറ്റിന് 351 റൺസെടുത്തു. ഇതോടെ അവർക്ക് 278 റൺസ് ലീഡ് ലഭിച്ചു.**

✪✪✪

**കണ്ണൂരിൽ സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ തിരുവനന്തപുരം കൊമ്പൻസിന് ജയം. കണ്ണൂർ വാരിയേഴ്സിനെയാണ് കൊമ്പൻസ് തോൽപ്പിച്ചത്.**

**കണ്ണൂരിൽ നിന്ന് KO.ശശിധരൻ.**

**.....(വോയ്സ്)........**

✪✪✪

**സംസ്ഥാനത്ത് ഇന്നലെ വൈകിട്ട് ആറ് വരെ ഏകദേശം 86 ലക്ഷത്തിൽപ്പരം ആളുകൾക്ക് എന്യൂമെറേഷൻ ഫോം വിതരണം ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. നവംബർ 25 നകം എന്യൂമറേഷൻ ഫോം വിതരണവും, പൂരിപ്പിച്ച ഫോം ശേഖരണവും പൂർത്തിയാക്കാനാവുമെന്ന് അദ്ദേഹം പറഞ്ഞു. ഓൺലൈൻ സംവിധാനം വോട്ടർമാർ ഫലപ്രദമായി വിനിയോഗിക്കണമെന്നും കേൽക്കർ അഭ്യർത്ഥിച്ചു.**

✪✪✪

**തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനെതിരെ ചില സംഘടനാ നേതാക്കൾ നുണപ്രചാരണം നടത്തുകയാണെന്ന് BJP ദേശീയ ഉപാധ്യക്ഷൻ A.P അബ്ദുള്ളക്കുട്ടി കുറ്റപ്പെടുത്തി. SIR നടപ്പാക്കിയാൽ ഒരാളുടെയും വോട്ടവകാശം നഷ്ടപ്പെടില്ലെന്ന് അദ്ദേഹം കോഴിക്കോട്ട് ഔട്ട് റീച്ച് പരിപാടിയിൽ പറഞ്ഞു.**

✪✪✪

**തദ്ദേശ തെരഞ്ഞെടുപ്പിൽ ശക്തമായ മുന്നൊരുക്കം നടത്തിയുണ്ടെന്ന് കോൺഗ്രസ് പ്രവർത്തക സമിതിയംഗം രമേശ് ചെന്നിത്തല**

കോഴിക്കോട്ട് പറഞ്ഞു. ഇടതു ഭരണത്തിനെതിരായ വിധിയെഴുത്തായി തിരഞ്ഞെടുപ്പ് മാറുമെന്നും അദ്ദേഹം വിലയിരുത്തി.

✪✪✪

തമ്മനത്ത് ജല അതോറിറ്റിയുടെ കുടിവെള്ള ടാങ്ക് തകർന്നതിനെ തുടർന്ന് ഇന്ന് കൊച്ചി നഗരത്തിൽ കുടിവെള്ള വിതരണം ഭാഗികമായി തടസ്സപ്പെടും. ജല ദൗർലഭ്യം നേരിടുന്ന സാഹചര്യമുണ്ടായാൽ കുടിവെള്ളം എത്തിക്കാൻ നടപടി എടുക്കണമെന്ന് കൊച്ചി നഗരസഭക്കും ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിനും ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

✪✪✪

മന്ത്രവാദവും ആഭിചാരക്രിയകളും തടയാൻ നിയമം അനിവാര്യമാണെന്ന് സമീപകാല സംഭവങ്ങൾ തെളിയിക്കുന്നതായി വനിതാ കമീഷൻ അധ്യക്ഷ P സതീദേവി പറഞ്ഞു. ഇത്തരം സംഭവങ്ങളിൽ കഷ്ടത അനുഭവിക്കുന്നത് സ്ത്രീകളും കുട്ടികളുമാണെന്ന് അവർ കോഴിക്കോട്ട് സിറ്റിങ്ങിന് ശേഷം പറഞ്ഞു. തൊഴിലിടങ്ങളിൽ പോഷ് ആക്ട് പ്രകാരം ആഭ്യന്തര കമ്മിറ്റികൾ രൂപീകരിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടിയെടുക്കുമെന്നും കമ്മീഷൻ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഇന്നും മഴ മുന്നറിയിപ്പ്. തിരുവനന്തപുരം, എറണാകുളം, ഇടുക്കി ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

ആലപ്പുഴ മണ്ണാറശ്ശാല നാഗരാജ ക്ഷേത്രത്തിലെ പൂയം തൊഴൽ ഇന്ന്. നാളെയാണ് ആയില്യം ഉത്സവം. നാളെ ആലപ്പുഴ ജില്ലയിൽ പ്രാദേശിക അവധി നൽകിയിട്ടുണ്ട്.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: നിമിഷ ജി*
*DEO: ഷീബ*